പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 03.02.2014- ലെ മറുപടിക്ക്

നം. 4120

## ഭക്ഷ്യസുരക്ഷാ നിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. കെ. എസ്. സലീഖ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | ഭക്ഷ്യസുരക്ഷാ നിയമപ്രകാരം സംസ്ഥാനത്ത് 2013 ഡിസംബർ 31 വരെ എത്രപേർ രജിസ്ട്രേഷൻ നേടിയിട്ടുണ്ട്. ആയതിൽ എത്ര സ്ഥാപനങ്ങൾ ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്. ജില്ല തിരിച്ച് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം 2013 ഡിസംബർ 31 വരെ 39,184 പേർ ലൈസൻസും 2,28,522 പേർ രജിസ്ട്രേഷനും നേടിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള ലൈസൻസിന്റെയും രജിസ്ട്രേഷന്റെയും കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഭക്ഷ്യവിഷബാധയേറ്റ് എത്രപേർ മരണപ്പെട്ടു; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | ബി) | ഒരാൾ മരണപ്പെട്ടു. തിരുവനന്തപുരം ജില്ലയിൽ |
| സി) | ഭക്ഷ്യ സുരക്ഷാ വകുപ്പ് 2013-14 നടപ്പുവർഷം ഡിസംബർ 31 വരെ എത്ര റെയ്ഡുകൾ നടത്തി, എന്ത് തുക പിഴയിനത്തിൽ ഈടാക്കി. എത്ര കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദചെയ്തു, ജില്ലതിരിച്ച് വ്യക്തമാക്കുമോ | സി) | സംസ്ഥാന വ്യാപകമായി 7671 റെയ്ഡുകൾ നടത്തിയിട്ടുള്ളതും 32,66,000 രൂപ പിഴയിനത്തിൽ ശേഖരിച്ചിട്ടുള്ളതും 28 സ്ഥാപനങ്ങളുടെ ലൈസൻസ് താൽകാലികമായി റദ്ദ് ചെയ്യപ്പെട്ടിട്ടുള്ളതുമാണ്.<br>ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| ഡി) | സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ആകെ ജീവനക്കാരുടെ എണ്ണം എത്ര; നിലവിൽ എത്ര സർക്കിളുകളിൽ ഫുഡ് ഇൻസ്പെക്ടർമാരില്ല; വ്യക്തമാക്കുമോ; | ഡി) | ഭക്ഷ്യസുരക്ഷാ വകുപ്പിൽ മൊത്തം 272 ജീവനക്കാരാണ് ഉള്ളത്. ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഡ്രൈവർ, ഓഫീസ് അസിസ്റ്റന്റ്, ലബോറട്ടറി അസിസ്റ്റന്റ് തുടങ്ങിയ തസ്തികയിൽ നിലവിൽ ആരോഗ്യവകുപ്പിൽ നിന്നുള്ള ജീവനക്കാരാണ് പ്രവർത്തിക്കുന്നത്. 74 സർക്കിളുകളിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരില്ല. |
| ഇ) | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ജീവനക്കാരുടെ കുറവ് പരിഹരിക്കാനും ഒരു നിയോജകമണ്ഡലത്തിൽ ഒരു ഫുഡ് ഇൻസ്പെക്ടറെ വീതം നിയമിക്കാനും എന്ത് നടപടി സ്വീകരിക്കും. വിശദമാക്കുമോ; | ഇ) | ഭക്ഷ്യസുരക്ഷാ വകുപ്പിലെ നിലവിലെ ജീവനക്കാരുടെ എണ്ണം തുലോം പരിമിതമാണ്. ആയതിനാൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പുനസംഘടിപ്പിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കുള്ള പി & എ ആർഡി വകുപ്പിന്റെ പഠനം |

| | | | |
|---|---|---|---|
| | | | അവസാനഘട്ടത്തിലാണ്. പുതിയതായി സൃഷ്ടിച്ച 57 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകളും മുനിസിപ്പാലിറ്റി കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള 32 തസ്തികയും കൂടി ചേർത്ത് ഇതിനകം എല്ലാ മണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| എഫ്) | ഭക്ഷ്യ സുരക്ഷാ വകുപ്പിന് ഏതൊക്കെ ജില്ലകളിൽ സ്വന്തം വാഹനം ഇല്ല. ഇവിടത്തെ ഉദ്യോഗസ്ഥർ ബസ്സിൽ പോയി റെയ്ഡിന് നേതൃത്വം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും; വ്യക്തമാക്കുമോ? | എഫ്) | കൊല്ലം,ആലപ്പുഴ,കോട്ടയം, മലപ്പുറം എന്നി ജില്ലകളിൽ വകുപ്പിന് സ്വന്തമായി വാഹനം ഇല്ല. സ്വന്തമായി വാഹനം ലഭ്യമല്ലാത്ത എല്ലാ ജില്ലകളിലും വാടകയ്ക്ക് വാഹനം എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേക പരിശോധന നടത്തുന്ന സഹചര്യങ്ങളിൽ അധിക വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ജില്ല | ലൈസൻസ് | രജിസ്ട്രേഷൻ |
|---|---|---|
| തിരുവനന്തപുരം | 3638 | 10976 |
| കൊല്ലം | 7452 | 2229 |
| പത്തനംതിട്ട | 1033 | 6033 |
| ആലപ്പുഴ | 1579 | 9895 |
| കോട്ടയം | 8611 | 1606 |
| ഇടുക്കി | 751 | 5105 |
| എറണാകുളം | 4962 | 18084 |
| മലപ്പുറം | 1273 | 11114 |
| തൃശ്ശൂർ | 2026 | 15021 |
| പാലക്കാട് | 1944 | 111068 |
| കോഴിക്കോട് | 2516 | 12777 |
| വയനാട് | 710 | 6737 |
| കണ്ണൂർ | 1983 | 13391 |
| കാസർഗോഡ് | 706 | 4486 |

| ജില്ല | നടത്തിയ പരിശോധനകളുടെ എണ്ണം | പിഴയായി ലഭിച്ച തുക | ലൈസൻസ് താൽകാലികമായി റദ്ദ് ചെയ്തിട്ടുള്ളത് |
|---|---|---|---|
| തിരുവനന്തപുരം | 2310 | 6,19,500 | 3 |
| കൊല്ലം | 262 | 71,000 | -- |
| പത്തനംതിട്ട | 85 | 1,56,000 | 2 |
| ആലപ്പുഴ | 158 | 47,000 | -- |
| കോട്ടയം | 374 | 53,000 | 3 |
| ഇടുക്കി | 428 | 59,500 | -- |
| എറണാകുളം | 1679 | 4,41,500 | 12 |
| തൃശ്ശൂർ | 358 | 2,13,500 | 5 |
| മലപ്പുറം | 326 | 6,28,500 | -- |
| പാലക്കാട് | 836 | 3,05,000 | -- |
| കോഴിക്കോട് | 140 | 1,33,000 | 3 |
| വയനാട് | 463 | 2,08,500 | -- |
| കണ്ണൂർ | 142 | 2,22,000 | -- |
| കാസർഗോഡ് | 50 | 1,07,500 | -- |
| ആകെ | 7671 | 32,66,000 | 28 |

**സെക്ഷൻ ഓഫീസർ**